(ബി) 1985–86–ൽ കെ. എസ്. ആർ. ടി. സി. എത്ര പുതിയ ബസ്സുകൾ റോഡിലിറക്കി എന്ന് വ്യക്തമാക്കാമോ;

(സി) അതിൽ ലൈലൻറ് ബസ് എത്ര; ബെൻസ് ബസ് എത്ര?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) 2263 ബസുകൾ.

(ബി) 113 ബസുകൾ.

(സി) ലൈലൻറ് ബസ്–63, ബെൻസ് ബസ്–50.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

കണ്ടക്ടർമാരുടെ റാങ്ക് ലിസ്റ്റ്

204. [279] ശ്രീ. ടി. എസ്. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി., കെ. എസ്. ആർ. ടി. സി. കണ്ടക്ടർമാരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര നാളായി പ്രസിദ്ധീകരിച്ചിട്ട്;

(സി) ഇവരെ നിയമിക്കാതിരിക്കുന്നതിൻെറ കാരണമെന്ത്;

(ഡി) എംപ്ലോയ്മെൻറിൽ നിന്നെടുത്ത എത്രപേർ കോർപ്പറേഷനിൽ ഇപ്പോൾ ജോലി ചെയ്യുന്നു ;

(ഇ) പി. എസ്. സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ ശേഷവും അവരെ സർവ്വീസിൽ തുടരാനനുവദിക്കുന്നതിൻെറ കാരണമെന്താണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) 1–2–1985–ൽ പി. എസ്. സി. ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

(സി) ബസ്–സ്റ്റാഫ് അനുപാതം കുറയ്ക്കണമെന്ന കാരണത്താൽ പുതിയ നിയമനങ്ങൾ നിറുത്തി വച്ചിരിക്കുന്നു. കൂടാതെ കോർപ്പറേഷൻെറ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും നിലവിലുള്ള സർവ്വീസ് ആളുകളുടെ എണ്ണം കണക്കിലെടുത്തും ഇവരെ നിയമിക്കാൻ കോർപ്പറേഷന് സാധിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1047 പേർ.

(ഇ) താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അവരുടെ സർവ്വീസ് ബന്ധപ്പെട്ട നിയമങ്ങൾ എന്നിവകൂടി പരിശോധിച്ച് തീരുമാനമെടുക്കേണ്ടതുകൊണ്ട് ഇവരെ പിരിച്ചുവിടുന്ന പ്രശ്നത്തിൽ തീരുമാനം ആയിട്ടില്ല.

ടയറിന്റെയും സ്പെയർ പാർട്സിന്റെയും അഭാവം മൂലമുള്ള സർവ്വീസ് കാൻസലേഷൻ

205 [280] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടയറിന്റെയും സ്പെയർ പാർട്സിന്റെയും അഭാവംമൂലം കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ പല സർവ്വീസുകളും കാൻസൽ ചെയ്യേണ്ടിവരുന്നു എന്നത് ശരിയാണോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചു;

(സി) ടയറും സ്പെയർ പാർട്സും വാങ്ങാൻ സർക്കാർ കൂടുതൽ രൂപ കോർപ്പറേഷന് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശരിയാണ്.

(ബി) സർക്കാരിൽനിന്നു മൂന്നുകോടി രൂപ 1985–86 വർഷത്തിൽ കെ. എസ്. ആർ. ടി. സി. ക്ക് അനുവദിച്ചു.

(സി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ഡി) സി. യുടെ ഉത്തരവിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

Interstate Permits

206 [281] *Dr. A. Subba Rao:* will the Transport Minister be pleased to state:

(a) whether the Kerala Government has come to an agreement with the Karnataka Government with regards to sanctioning inter state permits for Public Transport Motor vehicles;

(b) if so what are the details of the agreement?

LIBRARY ARCHIVES Kerala Legislative Assembly